**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4643** **02-07-2024 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഒന്നാം കുട്ടനാട് പാക്കേജ് എന്നാണ് പ്രഖ്യാപിച്ചത്; എത്ര രൂപയാണ് പദ്ധതിക്കായി വകയിരുത്തിയത്; എന്തൊക്കെ പദ്ധതികളാണ് ഇതിലൂടെ നടപ്പാക്കാൻ കഴിഞ്ഞത്; വ്യക്തമാക്കുമോ; | (എ) | ഡോ.എം.എസ് സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2009 ൽ ഉത്ഘാടനം ചെയ്യപ്പെട്ട ഒന്നാം കുട്ടനാട് പാക്കേജ് 2010 ൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. ഏഴ് സ്കീമുകളാണ് കുട്ടനാട് പാക്കേജ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയത്. ഇതിൽ 4 സ്കീമുകൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി 3 സ്കീമുകൾ പൂർത്തീകരിച്ചു. 1389.028 കോടി രൂപയുടെ പദ്ധതികളാണ് ഇതിലൂടെ നടപ്പിലാക്കാൻ കഴിഞ്ഞത്. പദ്ധതി വിശദാംശങ്ങൾ **അനുബന്ധമായി ചേർക്കുന്നു.**<br><br>ഒന്നാം കുട്ടനാട് പാക്കേജിൽ കുടിവെള്ള പദ്ധതികൾ ഒന്നും തന്നെ ഉൾപ്പെടുത്തിയിരുന്നില്ല. പകരം 13-ാം ധനകാര്യ കമ്മീഷന്റെ ഭാഗമായി 70കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആദ്യ പാക്കേജിൽ 20.9 കി.മി ട്രാൻസ്മിഷൻ മെയിനും രണ്ടാം പാക്കേജിൽ 18 കി.മി ട്രാൻസ്മിഷൻ മെയിനും പൂർത്തീകരിച്ചു. മൂന്നാമത്തെ പാക്കേജിൽ തകഴി, എടത്വാ, മുട്ടാർ,നീലംപേരൂർ, വെളിയനാട്, തലവടി എന്നീ പഞ്ചായത്തുകളിലായി 38 കി.മി വിതരണ ശൃംഖലയും, തകഴി പഞ്ചായത്തിൽ 4.5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണിയും പൂർത്തീകരിച്ചു. ആകെ വിനിയോഗിച്ച തുക 57.63 കോടി രൂപ. പ്രസ്തുത പ്രവൃത്തിയിലൂടെ നിലവിൽ ഭാഗികമായി ജലവിതരണം നടത്തുന്നുണ്ട്. KIIFB യിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ രണ്ടാം ഘട്ട പ്രവൃത്തികൾ പൂർത്തിയാകുന്നതോടുകൂടി പൂർണ്ണമായി ജലവിതരണം നടത്താൻ സാധിക്കും. |
| (ബി) | രണ്ടാം കുട്ടനാട് പാക്കേജിന് എത്ര തുകയാണ് പ്രഖ്യാപിച്ചിട്ടുള്ളത്; അപ്പർ കുട്ടനാട് മേഖല ഉൾപ്പെടുന്ന അമ്പലപ്പുഴ മണ്ഡലത്തിൽ എന്തൊക്കെ | (ബി) | രണ്ടാം കുട്ടനാട് പാക്കേജിന് നാളിതുവരെ 387.76 കോടി രൂപയാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അപ്പർ കുട്ടനാട് മേഖല ഉൾപ്പെടുന്ന പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം** 2 ആയി ചേർക്കുന്നു. രണ്ടാം കുട്ടനാട് |

| | | | |
|---|---|---|---|
| | പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | | പാക്കേജിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോട്ടുകൂടി WRD 025-29/APR-6/2019/KIIFB dated 25.06.2019 പ്രകാരം 289.54 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. WRD 025-29/APR-6/2019/KIIFB dated 23.11.2023 പ്രകാരം 385.01 കോടി രൂപയായി പുതുക്കിയിരുന്നു. ഇതിൽ കുട്ടനാട് നിയോജകമണ്ഡലത്തിലെ 13 പഞ്ചായത്തുകൾക്കായി 30 എം. എൽ.ഡി ശേഷിയുള്ള ജലശുദ്ധീകരണ ശാലയും, 46 കി.മി ട്രാൻസ്മിഷൻ മെയിനും, 13 പഞ്ചായത്തുകളിലും ഉന്നതതല ജലസംഭരണികളും ഈ പഞ്ചായത്തുകളിലെ 895 കി.മി ജലവിതരണ ശൃംഖലയും സ്ഥാപിക്കുന്നതിന് വേണ്ടിയാണ് പദ്ധതി നിലവിൽ വന്നത്. ജലശുദ്ധീകരണ ശാലയ്ക്കും, ജലസംഭരണികൾക്കും വേണ്ട സ്ഥലം ഏറ്റെടുപ്പ് പൂർത്തീകരിച്ച് നെൽവയൽ തണ്ണീർത്തട നിയമ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ട സ്ഥലങ്ങളുടെ wet land conversion നടപടികൾ പൂർത്തിയായിട്ടുണ്ട്.<br><br>ഇതിൽ തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് സ്ഥാപിക്കുന്ന ജലശുദ്ധീകരണ ശാലയുടെ പ്രവൃത്തി 01.06.2024-ലെ സ.ഉ.(കൈ) 34/2024/ജവിവ ഉത്തരവ് പ്രകാരം 31.98% അധിക തുകയ്ക്ക് ചിക്കാഗോ ഇൻറർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് 12.06.2024 ൽ പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്.<br><br>ആലപ്പുഴ ചങ്ങനാശ്ശേരി റോഡിൽ കെ.എസ്.റ്റി.പി വഴി നടന്നുവരുന്ന സെമി എലവേറ്റഡ് ഹൈവേയുടെ നിർമ്മാണത്തോടനുബന്ധിച്ച് 11.7കി.മി ട്രാൻസ്മിഷൻ മെയിനും 10 കി.മി വിതരണ ശൃംഖലയും സ്ഥാപിക്കുന്ന പ്രവൃത്തി ഊരാലുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി നടത്തിവരുന്നു.<br><br>തകഴി പഞ്ചായത്തിലെ ജലസംഭരണിയുടേയും, എടത്വാ,വീയപുരം, തലവടി, തകഴി എന്നീ പഞ്ചായത്തുകളിലായി 311 കി.മി വിതരണ ശൃംഖലയുടേയും പ്രവൃത്തി കരാറുകാരൻ ഉയർന്ന നിരക്കിൽ ക്വാട്ട് ചെയ്തിരിക്കുന്നതിനാൽ, സർക്കാർ പരിശോധിച്ചു വരികയാണ്.<br><br>ബാക്കിയുള്ള 34.3കി.മി ട്രാൻസ്മിഷൻ മെയിന്റേയും, 574 കി.മി ജലവിതരണ ശൃംഖലയുടേയും, 12 ഉന്നതതല ജലസംഭരണികളുടേയും നിർമ്മാണ പ്രവർത്തികളുടെ ദർഘാസ് നിരവധി തവണ ക്ഷണിച്ചിട്ടും കരാറുകാർ ആരും തന്നെ |

| | | | |
|---|---|---|---|
| | | | പങ്കെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്ന പ്രവർത്തികൾ നടന്നുവരുന്നു.<br><br>രണ്ടാം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കുടിവെള്ള പദ്ധതികൾ ഒന്നും തന്നെ വിഭാവനം ചെയ്തിരുന്നില്ല. |

സെക്ഷൻ ഓഫീസർ